# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.54/PR/PIC/PHQ/18 Date : 07.03.2018

---

## വനിതാദിനം- വിവിധ പരിപാടികളുമായി കേരള പോലീസ്

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് എല്ലാ ജില്ലകളിലും പരമാവധി സ്റ്റേഷനുകളിൽ വനിതാ എസ് ഐ മാർ എസ് എച്ച് ഒ മാരുടെ ചുമതല വഹിക്കും. സെൻട്രി ഡ്യൂട്ടി ഉൾപ്പെടെ പ്രത്യേക ചുമതലകൾ ലഭ്യമായ സ്ഥലങ്ങളിൽ വനിതാ ഉദ്യോഗസ്ഥരായിരിക്കും നിർവ്വഹിക്കുന്നത്. ഇതിനുപുറമേ കൂട്ടയോട്ടം, സെമിനാർ സെൽഫ് ഡിഫൻസ് ഷോ തുടങ്ങി വിവിധ പരിപാടികളും സംസ്ഥാനത്ത് വിവിധ കേന്ദ്രങ്ങളിൽ പോലീസ് സംഘടിപ്പിക്കും.

രാവിലെ 10.00 ന് പേരൂർക്കട പോലീസ് സ്റ്റേഷൻ സംസ്ഥാന പോലീസ് മേധാവി ഇതിന്റെ ഭാഗമായി സന്ദർശിക്കും. വനിതാ ഇൻസ്പെക്ടറാണ് ഈ സ്റ്റേഷൻ നിയന്ത്രിക്കുന്നത്. തിരുവനന്തപുരത്ത് ഫോർട്ട്, കഴക്കൂട്ടം, പൂന്തുറ, പൂജപ്പുര സ്റ്റേഷനുകളിലും വനിതാ എസ്.ഐ. മാർ നാളെ എസ്.എച്ച്.ഒ.മാരാകും.

ഇതിനുപുറമേ തിരുവനന്തപുരത്ത് സ്റ്റുഡന്റ്സ് പോലീസ് പെൺകുട്ടികളും വനിതാപോലീസ് ഉദ്യോഗസ്ഥരും ട്രാഫിക് നിയന്ത്രണത്തിന്റെ ചുമതലയും പരമാവധി സ്ഥലങ്ങളിൽ ഏറ്റെടുക്കും. മറ്റു ജില്ലകളിലും ട്രാഫിക് നിയന്ത്രണം, ഗാർഡ് ഡ്യൂട്ടി തുടങ്ങിയവ വനിതാ ഉദ്യോഗസ്ഥർ നിർവഹിക്കും. 4167 വനിതാ പോലീസുദ്യോഗസ്ഥരാണ് ഇപ്പോൾ പോലീസ് സേനയിലുള്ളത്.

വനിതാദിനാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരത്ത് രാവിലെ 6.30 മണിമുതൽ കവടിയാർ ജങ്ഷനിൽ നിന്ന് തുടങ്ങി മ്യൂസിയം, പാളയം, വി.ജെ.ടി.ഹാൾ, ആശാൻ സ്ക്വയർ , പി.എം,ജി., എൽ.എം.എസ്. തുടങ്ങിയ സ്ഥലങ്ങൾ വഴി കനകക്കുന്നുവരെ **റൺ റാണി റൺ ഹാഫ് മാരത്തോൺ** കൂട്ടയോട്ടം നടക്കും. സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ ഫ്ളാഗ് ഓഫ് ചെയ്യും, വനിതാ പോലീസ് സേനാംഗങ്ങളും കായിക താരങ്ങളും പങ്കെടുക്കുന്ന പരിപാടിക്ക് എഡിജിപി ഡോ.ബി.സന്ധ്യ നേതൃത്വം നല്കും.

രാവിലെ പതിനൊന്നിന് പോലീസ് ആസ്ഥാനത്ത് വനിതകളും സുരക്ഷയും എന്ന വിഷയത്തിൽ ശില്പശാല നടക്കും. സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ ഉൾപ്പെടെ ഉന്നത പോലീസ് ഉദ്യോഗസ്ഥരും വനിതാ പോലീസ് ഉഗ്യോഗസ്ഥരും ഈ പരിപാടിയിൽ പങ്കെടുക്കും.

ഉച്ചയ്ക്ക് രണ്ടുമണിമുതൽ കഴക്കൂട്ടം കിൻഫ്ര അപ്പാരൽ പാർക്കുമായി ചേർന്ന് ആയിരം വനിതകൾ പങ്കെടുക്കുന്ന സ്വയം പ്രതിരോധ പരിശീലന പരിപാടി നടക്കും. സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ ഉദ്ഘാടനം ചെയ്യും.

എല്ലാ ജില്ലകളിലും സ്വയം പ്രതിരോധ പരിശീലനം, സെമിനാർ തുടങ്ങിയ പരിപാടികളും ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.

**************